**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 66** **26-07-2021 - ൽ മറുപടിയ്ക്ക്**

**വില്ലേജ് ഓഫീസുകളിലെ ഓൺലൈൻ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | വില്ലേജ് ഓഫീസുകളിൽ നിന്നും സേവനം ലഭ്യമാക്കുന്നതിനുള്ള കാലതാമസവും അഴിമതിയും ഇല്ലാതാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | (എ) | സുതാര്യത ഉറപ്പാക്കിക്കൊണ്ട് റവന്യൂ ഓഫീസുകളെ അഴിമതിമുക്തമാക്കുന്നതിനും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനും കാലതാമസം ഇല്ലാതാക്കുന്നതിനും ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളാണ് റവന്യൂ വകുപ്പിൽ നിലവിൽ നടപ്പിലാക്കിവരുന്നത്. 1. ഇ-ഡിസ്ട്രിക്ട് വില്ലേജ് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. 2. ആർ.ആർ. ഓൺലൈൻ റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യ ക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയാണ് ആർ.ആർ.ഓൺലൈൻ. 3. സംയോജിത ഓൺ ലൈൻ പോക്കുവരവ് (Online Mutation) ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്ന പദ്ധതിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ്. 4. റവന്യൂ ഇ-പെയ്മെന്റ് സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പെയ്മെന്റുകളും ഓൺലൈൻ വഴിയും വില്ലേജ് ഓഫീസുകളിൽ നേരിട്ടും ഒടുക്കുന്നതിനുള്ള ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 5. ഇ-ഓഫീസ് ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് മുതൽ വില്ലജ് ഓഫിസ് വരെ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കി വരുന്ന ഒരു കടലാസ് രഹിത ഇലക്ട്രോണിക് ഫയൽ സിസ്റ്റമാണ് ഇ-ഓഫീസ്. 6. റിലീഫ് (സമഗ്ര ദുരിത മാനേജ്മെന്റ് സംവിധാനം) പ്രളയബാധിതരായ ജനങ്ങൾക്ക് അടിയന്തിര ധനസഹായം ലഭ്യമാക്കുന്നതിനുള്ള Relief Web Portal ഉം നാശനഷ്ടങ്ങളുടെ വിവര ശേഖരണത്തിനായുള്ള മൊബൈൽ ആപ്ലിക്കേഷനും സംയോജിപ്പിച്ച് വിജയകരമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സമഗ്ര ദുരിത മാനേജ്മെന്റ് സംവിധാനം. 7. റവന്യൂ മിത്രം റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന എല്ലാത്തരം പരാതികളും വകുപ്പ് മന്ത്രിയ്ക്ക് നൽകുന്നത് ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് റവന്യൂ മിത്രം. 8. കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം റവന്യൂ വകുപ്പിലെ കെട്ടിടനികുതി, ആഡംബര നികുതി എന്നിവ ഓൺലൈനായി സ്വീകരിക്കുന്ന വെബ് ആപ്ലിക്കേഷനാണ് കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം. |
| (ബി) | ഈ വർഷം ഒക്ടോബർ രണ്ടിനകം വില്ലേജ് ഓഫീസുകളിലെ മുഴുവൻ സേവനവും ഓൺലൈനായി ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (ബി) | ഈ വർഷം ഒക്ടോബർ രണ്ടിനകം വില്ലേജ് ഓഫീസുകളിലെ മുഴുവൻ സേവനവും ഓൺലൈനായി ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി, റവന്യൂ വകുപ്പ് മുഖേന പ്രദാനം ചെയ്യുന്ന വിവിധ സേവനങ്ങളുടെ ഏകജാലക സംവിധാനമായ റവന്യൂ പോർട്ടൽ, റവന്യൂ ഓഫീസുകളിലെ ഫയൽനീക്കം ഘട്ടം ഘട്ടമായി ഡിജിറ്റൽ രീതിയിലേക്ക് മാറ്റുന്ന ഈ-ഓഫീസ് സംവിധാനം, റവന്യൂ പോർട്ടലിൽ ഉൾപ്പെടുത്തി വിവരാവകാശ അപേക്ഷകളും ഓൺലൈനായി സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനുമുള്ള മോഡ്യൂൾ, കേരളാ ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് ഓൺലൈനായി നടപ്പിലാക്കൽ, റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പൊതു ജനങ്ങൾക്കുണ്ടാകുന്ന എല്ലാത്തരം പരാതികളും റവന്യൂ വകുപ്പ് മന്ത്രിയെ അറിയിക്കുന്നതിനും ആയത് വഴി പരിഹാരം ഉണ്ടാകുന്നതിനും പ്രവർത്തിച്ചുവരുന്ന MITRAM (Ministers Interactive Transperant Redressal and Assistance Mission) സംവിധാനം, വില്ലേജ് റെക്കോർഡുകളുടെ ഡിജിറ്റൈസേഷൻ സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലേയും ഭൂരേഖ രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്യുക സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ഓട്ടോമേറ്റ് ചെയ്യൽ, ഇ-പേയ്മെന്റ് മൊബൈൽ ആപ്പ് നിർമ്മാണം, തണ്ടപ്പേർ രജിസ്റ്റർ, ലൊക്കേഷൻ മാപ്പ്, FMB എന്നിവയുടെ പകർപ്പുകൾ ഓൺലൈൻ ആയി ലഭ്യമാക്കുക എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | റവന്യൂ ഓഫീസുകളിൽ നിന്നു ലഭിക്കേണ്ട വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യവുമായി ലഭ്യമാക്കുന്നതിനുള്ള ഇ-ഡിസ്ട്രിക്ട് പദ്ധതിയെക്കുറിച്ച് അറിയിക്കാമോ; ഇതിനായി വേഗതയേറിയ ഇന്റർനെറ്റ് സൗകര്യം എല്ലാ റവന്യൂ ഓഫീസുകളിലും ലഭ്യമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) | വില്ലേജ് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ഇതു വഴി പൊതു ജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ വരാതെ തന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നു. ആയതിനാൽ വില്ലേജ് ഓഫീസുകളിലെ തിരക്ക് കുറയ്ക്കുന്നതിന് സഹായകമാണ് പ്രസ്തുത പദ്ധതി. കേന്ദ്ര സർക്കാരിന്റെ നാഷണൽ ഇ- ഗവേണൻസ് (NeGP) പദ്ധതിയുടെ ഭാഗമായാണ് ഇ-ഡിസ്ട്രിക്റ്റ് പദ്ധതി നടപ്പിലാക്കുത്. NeGP മാർഗ്ഗരേഖപ്രകാരം കോമൺ സർവീസ് സെൻററുകൾ ഈ പദ്ധതിയുടെ അവശ്യഘടകമാണ്. കേരളത്തിൽ അക്ഷയസെൻററുകളെയാണ് കോമൺ സർവീസ് സെൻററുകളായി തെരഞ്ഞെടുത്തിട്ടുള്ളത്. പൊതുജന സൗകര്യാർത്ഥം വില്ലേജ്/താലൂക്ക് ഓഫീസുകൾക്കൊപ്പം അക്ഷയ കേന്ദ്രങ്ങൾ വഴിയും വിവിധയിനം സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകി വരുന്നുണ്ട്. റവന്യൂ വകുപ്പിന്റെ പൗരാവകാശ രേഖയിൽ നിഷ്കർഷിച്ചിരിക്കുന്നതും സർക്കാരിന്റെ സേവനാവകാശ നിയമം അനുശാസിക്കുന്നതുമായ സമയപരിധി പാലിച്ചാണ് സർട്ടിഫിക്കറ്റുകൾ നൽകിവരുന്നത്. ഇത്തരം പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഇ - ഗവേണൻസ് സൊസൈറ്റികളും രൂപീകരിച്ചിട്ടുള്ളതാണ്. സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും ഐ. റ്റി. മിഷന്റെ സഹകരണത്തോടുകൂടി BSNL - ന്റെ അതിവേഗ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.നിലവിൽ 1336 വില്ലേജ് ഓഫീസുകളിൽ BSNL - ന്റെ അതിവേഗ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ